**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ - 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ.2025/2018/ഉവിവ. തീയതി, തിരുവനന്തപുരം, **07.11.2018**

---

പരാമർശം:-
1. 7-6-2018 ലെ ജി.ഒ(ആർ.ടി) 1130/2018/ഉവിവ നം. ഉത്തരവ്.
2. 21-6-2018 ലെ ജി.ഒ(ആർ.ടി) 1210/2018/ഉവിവ നം. ഉത്തരവ്.
3. 4-9-2018 ലെ ജി.ഒ(ആർ.ടി) 1641/18/ഉവിവ നം. ഉത്തരവ്.
4. 12-9-2018 ലെ ജി.ഒ(ആർ.ടി) 1705/18/ഉവിവ നം. ഉത്തരവ്.
5. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 22.9.2018 ലെ എഫ്1-5341/17 നമ്പർ കത്ത്.
6. ധനകാര്യ വകുപ്പിന്റെ 29-9-2018 ലെ ജി.ഒ(പി) 153/2018/ഫിൻ നം. ഉത്തരവ്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് '2205-00-105-99 (പ്ലാൻ)' ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 115 ലക്ഷം രൂപയിൽ നിന്നും പരാമർശം (1) പ്രകാരം 27,92,000/- രൂപയും പരാമർശം (2) പ്രകാരം 31,58,000/- രൂപയും പരാമർശം (4) പ്രകാരം 55,50,000/- രൂപയും വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച പ്രകാരം ഭരണാനുമതി നൽകിയ 115 ലക്ഷം രൂപയിൽ 59,50,000/- രൂപ അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി തുക മാറി നൽകിയിട്ടില്ല.

2. അടുത്തകാലത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 വർഷം അനുവദിച്ച പദ്ധതി വിഹിതം 20% കുറയ്ക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പരാമർശം 5 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം നിർദ്ദിഷ്ട തുക കുറവു ചെയ്ത് പുതുക്കിയ പ്രൊപ്പോസൽ പരാമർശം (5) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി | ഭരണാനുമതി നൽകിയ തുക (ലക്ഷത്തിൽ) | പുതുക്കി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | മോഡൽ വില്ലേജ് ലൈബ്രറി | 9.38 | 9.38 |
| 2 | അക്കാഡമിക് സ്റ്റഡി സെന്റർ | 9.94 | 9.94 |
| 3 | ജയിൽ ലൈബ്രറി സർവ്വീസ് (15+3) | 11.10 | 11.10 |
| 4 | ചിൽഡ്രൻസ് ഹോം ലൈബ്രറി സർവ്വീസ് | 2.90 | 2.90 |
| 5 | ഹോസ്പിറ്റൽ ലൈബ്രറി | 3.80 | --- |

...2.

| | | | |
|---|---|---|---|
| 6 | ഓർഫനേജ് ലൈബ്രറി | 1.90 | --- |
| 7 | ഹെർമിറ്റേജ് ലൈബ്രറി | 3.28 | 3.28 |
| 8 | ലൈബ്രറി കമ്പ്യൂട്ടർ വൽക്കരണം | 55.50 | 55.50 |
| 9 | ഗ്രന്ഥശാലകളിൽ ചരിത്രശാസ്ത്ര പുസ്തക കോർണർ | 7.50 | --- |
| 10 | ഗ്രന്ഥശാലകളിൽ ഫിലിം ക്ലബ്ബുകൾ | 9.70 | --- |
| | ആകെ | 115 | 92.1 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതും തുക അനുവദിച്ചതുമായ പരാമർശം (1) ഉം (2) ഉം (3) ഉം (4) ഉം ഉത്തരവുകൾ റദ്ദ് ചെയ്തുകൊണ്ടും നടപ്പ സാമ്പത്തിക വർഷം '2205-00-105-99-36 (പ്ലാൻ)' ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ 92,10,000/- രൂപ വിനിയോഗിച്ച് നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതി | പുതുക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മോഡൽ വില്ലേജ് ലൈബ്രറി | 9.38 |
| 2 | അക്കാഡമിക് സ്റ്റഡി സെന്റർ | 9.94 |
| 3 | ജയിൽ ലൈബ്രറി സർവ്വീസ് (15+3) | 11.10 |
| 4 | ചിൽഡ്രൻസ് ഹോം ലൈബ്രറി സർവ്വീസ് | 2.90 |
| 5 | ഹെർമിറ്റേജ് ലൈബ്രറി | 3.28 |
| 6 | ലൈബ്രറി കമ്പ്യൂട്ടർ വൽക്കരണം | 55.50 |
| | ആകെ | 92.1 |

(ആകെ തൊണ്ണൂറ്റി രണ്ട് ലക്ഷത്തി പതിനായിരം രൂപാ മാത്രം)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം.ജി. രഞ്ജിത് കമാർ**

അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
മെംബർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
പ്ലാനിംഗ് ആന്റ് എക്കണോമിക്ക് അഫയേഴ്സ് വകുപ്പ്, തിരുവനന്തപുരം
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ